# കേരള സർക്കാർ

## സംഗ്രഹം

**പൊതു വിദ്യാഭ്യാസ വകുപ്പ്—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**ജി. ഒ. (പി) നമ്പർ 10/10/പൊ.വി.വ.** **തിരുവനന്തപുരം, 2010 ജനുവരി 12.**

---

<u>പരാമർശം</u>:—(1) 11-6-2001-ലെ ജി.ഒ. (പി) നമ്പർ 817/01/ധന.
(2) 5-10-2001-ലെ ജി.ഒ. (പി) നമ്പർ 303/01/പൊ.വി.
(3) 28-12-2001-ലെ ജി.ഒ. (പി) നമ്പർ 377/01/പൊ.വി.
(4) 27-4-2002-ലെ ജി.ഒ. (പി) നമ്പർ 80/02/പൊ.വി.
(5) 15-6-2004-ലെ ജി.ഒ. (പി) നമ്പർ 169/04/പൊ.വി.
(6) 17-8-2005-ലെ ജി.ഒ. (പി) നമ്പർ 317/05/പൊ.വി.

## ഉത്തരവ്

സർക്കാരിന്റെ വ്യയനിയന്ത്രണത്തിന്റെ ഭാഗമായി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചു. എന്നാൽ സ്കൂളുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാതിരുന്നാലുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച്, വിദ്യാഭ്യാസ വകുപ്പ്, മേൽ വ്യയനിയന്ത്രണ ഉത്തരവിൽ പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം ചില ഇളവുകൾ വരുത്തുകയും പരാമർശം (6)-ലെ ഉത്തരവുപ്രകാരം അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ നിയമന നിയന്ത്രണം തുടരുന്നതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തു. എന്നാൽ മേൽ ഉത്തരവ് അവഗണിച്ച് നിരവധി എയ്ഡഡ് സ്കൂൾ മാനേജർമാർ അധിക ഡിവിഷൻ ഒഴിവുകളിൽ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് സർക്കാർ നിയമനാംഗീകാരം നൽകിയില്ല. ഇവർക്ക് നിയമനാംഗീകാരം നൽകണമെന്ന നിരന്തരമായ അഭ്യർത്ഥനകൾ പരിഗണിച്ച് സർക്കാർ

GCPT. 3/165/2010/DTP.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പിൻവലിക്കുവാൻ ഉത്തരവാകുകയും ചെയ്യുന്നു:—

(i) കെ. ഇ. ആർ. പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ അനുവദനീയമായ അധിക ഡിവിഷനുകളിലെ നിയമനങ്ങൾ ബന്ധപ്പെട്ട ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം അംഗീകരിക്കാവുന്നതാണ്. ചട്ടപ്രകാരം അനുവദനീയമായ അദ്ധ്യാപകേതര തസ്തികകളിലെ നിയമനങ്ങളും 2006-07 മുതൽ അംഗീകരിക്കാവുന്നതാണ്.

(ii) ഇപ്രകാരം നിയമനാംഗീകാരം ലഭിക്കുന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 31-10-2009 വരെയുള്ള ശമ്പളവും അലവൻസുകളും അവരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കുന്ന മുറയ്ക്ക് അതിൽ നിക്ഷേപിക്കുന്നതാണ്. ഇപ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുകയിൽ നിന്ന് അഡ്വാൻസ് തുക പിൻവലിക്കുന്നതിന് 31-3-2015 വരെ അനുവദിക്കുന്നതല്ല.

(iii) 2006-07, 2007-08, 2008-09, 2009-10 അദ്ധ്യയന വർഷങ്ങളിലെ എയ്ഡഡ് സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പുനഃപരിശോധിച്ച് അനുവദനീയമായ തസ്തികകൾ നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ തസ്തികകൾ അനുവദിച്ച് നൽകുമ്പോൾ അതതു വർഷങ്ങളിലെ കുട്ടികളുടെ എണ്ണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതും അതു പരിശോധിച്ച് വീണ്ടും ഉറപ്പാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(iv) ഓരോ നിയമനവും അംഗീകരിക്കുന്നതിന് മുമ്പ് അതിലേക്ക് തസ്തിക ലഭ്യമാണെന്നും നിയമിക്കപ്പെട്ടവർക്ക് മതിയായ യോഗ്യത ഉണ്ടെന്നും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

(v) 2006-07 മുതൽ 2009-10 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന്, അടുത്ത അദ്ധ്യയന വർഷം (2010-11) മുതൽ ടി സ്കൂളുകളിൽ പുതിയ ഒഴിവുകൾ വരുന്ന ഘട്ടത്തിൽ, 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ നിയമിതരായവർക്ക് തുല്യമായ എണ്ണം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ/അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കാമെന്ന് സമ്മതിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ ഒരു സമ്മതപത്രം അമ്പത് രൂപയുടെ മുദ്ര പത്രത്തിൽ അതത് സ്കൂൾ മാനേജർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിലും ഇപ്രകാരം ലഭിക്കുന്ന സമ്മതപത്രത്തിന്റെ പകർപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർ സമാഹൃതമായി സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(vi) 2006-07 മുതൽ 2009-10 വരെ അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിതരായ വർക്ക് തുല്യമായ എണ്ണം പ്രൊട്ടക്റ്റഡ് അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരെ നിയമിച്ച് കഴിഞ്ഞ് ഭാവിയിൽ അധിക ഡിവിഷൻ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എല്ലാ എയ്ഡഡ് വിദ്യാലയങ്ങളിലും 1:1 എന്ന ക്രമത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകൻ, പുതുതായി നിയമിതനാകുന്ന അദ്ധ്യാപകൻ എന്ന മുറയ്ക്കേ നിയമനം നടത്താൻ പാടുള്ളൂ.

(vii) 'പുതുതായി ആരംഭിച്ച സ്കൂളുകൾ' എന്ന ഗണത്തിൽപ്പെടുന്നവയിൽ, അതായത് 1979 മുതൽ ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ അനുവദനീയമായ അധിക ഡിവിഷനുകളിലെ നിയമനങ്ങൾക്ക് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതു സംബന്ധിച്ച നിലവിലുള്ള ഉത്തരവുകളിലെ [28-6-2002-ലെ ജി.ഒ. (പി) നമ്പർ 178/2002/പൊ.വി., 1-2-2006-ലെ ജി. ഒ. (പി) നമ്പർ 46/2006/പൊ.വി. തുടങ്ങിയവ] നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

2. 2006-07 മുതലുള്ള അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപ്പീൽ/റിവിഷനുകളിൽ, അപ്പലേറ്റ്/റിവിഷൻ ഉത്തരവുകൾക്ക് കാക്കാതെ അത്തരം ജീവനക്കാരുടെ നിയമനം മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് അംഗീകാരം നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 4112 തീയതി 6-1-2010).
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ 59930/എഡ്യൂ-എ.1/09/ധന. തീയതി 18-12-2009).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ഓഫീസർമാർക്കും.
സ്റ്റോക്ക് ഫയൽ.
ഓഫീസ് കോപ്പി.